പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 459

30.06.2014 - ൽ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ എടുത്തവരെ സഹായിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. റ്റി. യു. കുരുവിള | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായവരെ സഹായിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) വിവിധ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് കുടിശ്ശിക ആയി നിയമ നടപടികൾ നേരിടേണ്ടി വരുന്നവരെ സഹായിക്കാനായി സംസ്ഥാന സർക്കാർ, വിദ്യാഭ്യാസ വായ്പ യഥാസമയം തിരിച്ചടക്കാത്തവർക്കെതിരെ ബാങ്കുകളും സർക്കാരും സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത മോറട്ടോറിയത്തിന്റെ കാലാവധി 09.10.2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.<br><br>കൂടാതെ, പരിഗണന അർഹിക്കുന്ന കേസുകളിൽ റിസർവ്വ് ബാങ്ക്/ കേന്ദ്ര സർക്കാരിന്റെ നിയമങ്ങൾക്ക് വിധേയമായി ഒറ്റത്തവണ തീർപ്പാക്കൽ, വായ്പാ കാലാവധി നീട്ടികൊടുക്കൽ തുടങ്ങിയ നടപടികൾ ബാങ്കുകൾ നടപ്പാക്കി വരുന്നുണ്ട്. |

(2)

സംസ്ഥാനത്തെ ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് 01.04.2004 മുതൽ 31.03.2009 വരെ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയ്ക്ക്, പഠനം പൂർത്തിയാക്കി ജോലി ലഭിയ്ക്കാത്ത ബി.പി.എൽ. വിഭാഗക്കാർക്ക്, പഠന കാലാവധിയിലും അതുകഴിഞ്ഞ് ഒരു വർഷത്തേയ്ക്കും ഉള്ള പലിശ തുക സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകിവരുന്നു.

സംസ്ഥാനത്തെ ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും 01.04.2004 മുതൽ 31.03.2009 വരെ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയ്ക്ക്, പഠനം പൂർത്തിയാക്കി ജോലി ലഭിയ്ക്കാത്ത 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗക്കാർക്ക്, പഠന കാലാവധിയിലും അതുകഴിഞ്ഞ് ഒരു വർഷ-ത്തേയ്ക്കും പലിശ സബ്സിഡി നൽകാനുള്ള സ്കീം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം ലഭിച്ച അപേക്ഷകൾ ജില്ലാ കളക്ടർമാരുടെ ഓഫീസിൽ പരിശോധിച്ചു വരുന്നു.

എന്നാൽ 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്ക്, 01.04.2009 ന് മുൻപ് വിതരണം ചെയ്ത/ അനുവദിച്ച വിദ്യാഭ്യാസ വായ്പയ്ക്ക്, 31.12.2013 വരെയുള്ള പലിശ സബ്സിഡി സ്കീം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരുന്ന പലിശ സബ്സിഡി പദ്ധതി റദ്ദാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ, 4.5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് +2 കഴിഞ്ഞുള്ള പ്രൊഫഷണൽ/ സാങ്കേതിക വിദ്യാഭ്യാസത്തിന് 01.04.2009 നുശേഷം വിതരണം ചെയ്ത വായ്പാ തുകയ്ക്ക് തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ, വ്യവസ്ഥകൾക്ക് വിധേയമായി, കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകി വരുന്നുണ്ട്.

(4)

| | | | |
|---|---|---|---|
| (ബി) | പലിശ ഇളവ് ഉൾപ്പെടെ സർക്കാർ പ്രഖ്യാപിച്ചിട്ടും അത് അർഹതപ്പെട്ട വിഭാഗത്തിന് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ചില ബാങ്കുകൾ എങ്കിലും സർക്കാരിന്റെ ഇത്തരം ജനപക്ഷ നിലപാടുകൾക്കെതിരെ നിലകൊ- ള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ